## ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ (എ & റ്റി) യുടെ നടപടിക്രമം

| | |
|---|---|
| വിഷയം | ആരോഗ്യം- ജീവനക്കാര്യം- 01-01-1997 മുതൽ 31-03.2000 വരെയുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി പുറപ്പെടുവിക്കുന്ന ഉത്തരവ് |
| സൂചന | 1. കത്ത് നമ്പർ. എ2/723/2018/ജി.മെ.ഒ(ആ) കണ്ണൂർ, തീയതി. 16/01/2019<br>2. G. O. (Rt)No. 2797/18/H & FWD, Dated: 12.09.2018<br>3. SLP(C) 12363/2018/Civil appeal petition No. 7402/18 |

### ഉത്തരവ് നം. ഇ. എസ് 1/2909/19/ആവഡ, തീയതി : 05/08/2019

കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- 1 ആയി ജോലി ചെയ്തു വരുന്ന ശ്രീ. പി. ഹരീഷ് കുമാർ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ 01/01/1997 മുതൽ 31/03/2000 വരെയുള്ള കാലളവിലെ കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ശ്രീ. ഹരീഷ് കുമാർ കണ്ണൂർ ജില്ലാ പി. എസ്. സി യുടെ അഡ്വൈസ് നമ്പർ C1/(1)2524/87, തീയതി. 22/04/1996 പ്രകാരം ആരോഗ്യ വകുപ്പിൽ ഫീൽഡ് വർക്കറായി സർവ്വീസിൽ പ്രവേശിക്കുകയുണ്ടായി. EG3/108875/98/ആ.വ.ഡ, തീയതി. 15.02.1999 ഉത്തരവനുസരിച്ച് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ആയി സ്ഥാനക്കയറ്റം ലഭിക്കുകയും തുടർന്ന് ഇ. ജി3-39339/2002/ആ.വ.ഡ, തീയതി. 07/04/2004 പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് – 1 ആയി സ്ഥാനക്കയറ്റം ലഭിച്ച് സർവ്വീസിൽ തുടർന്ന് വരികയും ചെയ്യുന്നു.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി സംബന്ധമായി നിലനിന്നിരുന്ന കേസുകളുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ച ഉത്തരവ് നമ്പർ.ES2(Spl.Cell)69286/10/DHS, തീയതി. 22.11.2012) സീനിയോറിറ്റി പട്ടികയിൽ ടിയാന് 167-)ം സ്ഥാനം നൽകി ഉൾപ്പെടുത്തിയിരുന്നു. തുടർന്ന് ബഹു. കോടതി നിർദ്ദേശപ്രകാരം തന്നെ 05.01.2008 ൽ പ്രസ്തുത കാലയളവിലെ ലിസ്റ്റ് പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. അതിനെ തുടർന്ന് OP(KAT)31, 32 & 135/2015 എന്നീ കേസുകളിൽ ബഹു. കേരള ഹൈക്കോടതി 2/3/2018 ൽ പുറപ്പെടുവിച്ച വിധിന്യായത്തെ തുടർന്ന് ബഹു. സുപ്രീംകോടതിയിൽ നിലവിലുള്ള SLP/12363/2018 എന്ന കേസിലെ ഇടക്കാല വിധിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരെ നേരിട്ട് കേട്ടതിനുശേഷം ഗവൺമെന്റ് G.O.(Rt)No.2797/18/H & FWD, തീയതി. 12/9/2018 ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

1046140 GOVERNMENT OF KERALA

പ്രസ്തുത ഉത്തരവിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ 5/1/2008 ൽ ലിസ്റ്റ് 1, ലിസ്റ്റ് 2 എന്ന ക്രമത്തിൽ പ്രസിദ്ധീകരിച്ച സീനിയോറിറ്റി പട്ടികയിലെ ലിസ്റ്റിൽ നിന്നും പ്രമോഷൻ നടത്താനും സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് പാസായവർ, ബൈട്രാൻസ്ഫർ നിയമനം നേടിയവർ തുടങ്ങിയവർ ഉൾക്കൊള്ളുന്ന ലിസ്റ്റ് 2 പരിഷ്കരിച്ച് പ്രസിദ്ധീകരിക്കാനും നിർദ്ദേശിച്ചിരുന്നു. ആയതനുസരിച്ച് ലിസ്റ്റ് 2 പരിഷ്കരിച്ച് താൽക്കാലിക സീനിയോറിറ്റി പട്ടിക ഉത്തരവ് നമ്പർ ES1/14462/2015/ആവഡ, തീയതി. 06/10/2018 പ്രകാരം പ്രസിദ്ധീകരിക്കുയും അപ്പീലുകളുണ്ടെങ്കിൽ സമർപ്പിക്കാൻ അവസരം നല്കുകയും ചെയ്തിരുന്നു. ലഭിച്ച അപ്പീലുകളെല്ലാം പരിശോധിക്കുകയും പരിഗണിക്കുകയും ചെയ്തുകൊണ്ട് 8/11/2018 ൽ പട്ടിക അന്തിമമായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

ശ്രീ. ഹരീഷ് കുമാർ. പി മേൽ സൂചിപ്പിച്ച ലിസ്റ്റിന്മേൽ യാതൊരാക്ഷേപവും യഥാസമയത്ത് സമർപ്പിക്കുകയുണ്ടായില്ല. അപ്പീൽ യഥാസമയം ശ്രീ. പി. ഹരീഷ് കുമാർ, ടിയാൾ ജോലി ചെയ്തിരുന്ന സ്ഥാപനത്തിൽ സമർപ്പിച്ചുവെന്നും ജില്ലാ മെഡിക്കൽ ഓഫീസ്, കണ്ണൂർ വഴി ആയത് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ എത്തുന്നതിന് വന്ന കാലതാമസമാണ് ആക്ഷേപം ലഭിക്കാതിരുന്നതിന് കാരണമെന്നും തന്റെ വിശദീകരണത്തിൽ ശ്രീ. ഹരീഷ് കുമാർ അറിയിച്ചിരിക്കുന്നു. പ്രസ്തുത ലിസ്റ്റിൽ നിന്നാണ് ഇപ്പോൾ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് – 2 തസ്തികയിലേക്കുള്ള പ്രമോഷൻ നടന്നുവരുന്നത്. ഇനി 3 വർഷം മാത്രം സർവ്വീസ് ബാക്കിയുള്ള ശ്രീ. പി. ഹരീഷ് കുമാറിന് ലിസ്റ്റിൽ പേരില്ലായെന്ന കാരണത്താൽ പ്രമോഷൻ ലഭിക്കാതെ വരുമെന്ന അവസ്ഥയാണ് നിലനിൽക്കുന്നത്.

മേൽ സാഹചര്യത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് – 2 വിഭാഗം ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയുമായി ബന്ധപ്പെട്ട പ്രശ്നം ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലാണുള്ളതെങ്കിലും ലിസ്റ്റിൽ ഉൾപ്പെടാത്തതുകൊണ്ട് സർവ്വീസിൽ ടിയാന് ലഭിക്കേണ്ട സ്ഥാനക്കയറ്റം നഷ്ടപ്പെട്ടുപോകും എന്ന മാനുഷികവശം കണക്കിലെടുത്ത് ശ്രീ. പി. ഹരീഷ് കുമാറിനെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2 വിഭാഗം ജീവനക്കാരുടെ 1/1/1997 മുതൽ 31/03/2000 വരെയുള്ള കാലയളവിലെ ES1/14462/2015/ആ.വ.ഡ, തീയതി. 8/11/2018 പ്രകാരം പ്രസിദ്ധീകരിച്ച സീനിയോറിറ്റി പട്ടികയിൽ 193 എ എന്ന സ്ഥാനം നൽകി താൽക്കാലികമായി ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. വിശദവിവരം താഴെ ചേർക്കുന്നു

GOVERNMENT OF KERALA

| ക്രമ നമ്പർ | പേര് | ജനനതീയതി | ജോലിയിൽ പ്രവേശിച്ച തീയതി | റാങ്ക് നമ്പർ | പുതിയ റാങ്ക് നമ്പർ |
|---|---|---|---|---|---|
| 1 | എസ്. ജഗദ കുമാരി | 25.02.1956 | 8.04.1996 | 193 | |
| 2 | ഹരീഷ് കുമാർ. പി | 20.05.1966 | 07.08.1996 | | 193 എ |
| 3 | പി. പി. ചന്ദ്രൻ | 31.05.1959 | 24.08.1996 | 194 | |

ബഹു. സുപ്രീംകോടതിയിൽ നിലവിലുള്ള SLP 12363/18 CA 7402/18 കേസിന്റെ അന്തിമ വിധിയ്ക്കനുസരിച്ച് മേൽ താൽക്കാലിക തീരുമാനം പുനഃപരിശോധിക്കുന്നതും മാറ്റങ്ങൾ ആവശ്യമെങ്കിൽ വരുത്തുന്നതുമാണ് എന്ന കർശന നിർദ്ദേശത്തോടെ ശ്രീ. ഹരീഷ് കുമാർ. പി, ജെ.എച്ച്.ഐ ഗ്രേഡ്- 1 ന് 1/1/1997 മുതൽ 31/03/2000 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ 193എ എന്ന സ്ഥാനം നൽകി ഉൾപ്പെടുത്തുന്നതിന് താൽക്കാലികമായി തീരുമാനിച്ച് ഉത്തരവാകുന്നു.

ഒപ്പ്/-
ഡോ. സെമീറ. എ
അഡീഷണൽ ഡയറക്ടർ ( എ & റ്റി)

പകർപ്പ്

1. ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം), കണ്ണൂർ
2. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്, പി. എച്ച്. സി പന്ന്യന്നൂർ
3. ശ്രീ. ഹരീഷ് കുമാർ. പി, ജെ.എച്ച്.ഐ ഗ്രേഡ് – 1
4. Website(www.dhs.kerala.gov.in)
5. ഇ. ജി. സെക്ഷൻ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്